കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

പ്രസിദ്ധീകരണത്തിന് :

നമ്പർ : എ2/3283/2021

03-12-2021

## കേരള സംഗീത നാടക അക്കാദമി
## കഥാപ്രസംഗമഹോത്സവവും യുവകാഥികർക്ക് ധനസഹായവും

കോവിഡ് 19 മഹാമാരിയുടെ പ്രതിസന്ധിയിലകപ്പെട്ടുപോയ കേരളത്തിലെ കഥാപ്രസംഗ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ഏറ്റവും മികച്ച വേദികളിൽ തങ്ങളുടെ കലാവിഷ്കാരം നടത്തുന്നതിനുമായി സമഗ്രമായ പദ്ധതികളാണ് കേരള സംഗീത നാടക അക്കാദമി ആസൂത്രണം ചെയ്തിരിക്കുന്നത്. ദീർഘകാലമായി കഥാപ്രസംഗരംഗത്ത് പ്രവർത്തിക്കുന്ന പ്രഗല്ഭമതികളായ 25 സീനിയർ കാഥികരെ പങ്കെടുപ്പിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട അഞ്ചുകേന്ദ്രങ്ങളിലായി കഥാപ്രസംഗമഹോത്സവം സംഘടിപ്പിക്കുന്നു.

പൂർവ്വകാല പ്രൗഢി നഷ്ടപ്പെട്ട കഥനകലയെ നവീകരിക്കുന്നതിനും പുതുതലമുറയെ ഈ സമ്പുഷ്ടമായ കലയിലേക്ക് കൊണ്ടുവരുന്നതിനുമാണ് ഈ ധനസഹായ പദ്ധതിയിലൂടെ അക്കാദമി ലക്ഷ്യമിടുന്നത്. 20 വയസ്സിനും 40 വയസ്സിനും ഇടയിൽ പ്രായമുള്ള 50 യുവ കാഥികർക്ക് 20,000/- രൂപ വീതം ധനസഹായം നല്കുകയാണ്. ധനസഹായത്തിന് അപേക്ഷിക്കുന്ന കാഥികർ വെള്ളക്കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയോടൊപ്പം ഏറ്റവും പുതിയ ബയോഡാറ്റ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വയസ്സു തെളിയിക്കുന്ന രേഖ, കഥാപ്രസംഗരംഗത്തെ പ്രവർത്തനപരിചയം തെളിയിക്കുന്ന രേഖകൾ, 10 മിനിട്ട് ദൈർഘ്യമുള്ള കഥാപ്രസംഗഭാഗത്തിന്റെ സിഡി/പെൻഡ്രൈവ് (ഓർക്കസ്ട്ര നിർബന്ധമില്ല) എന്നിവ സമർപ്പിക്കേണ്ടതാണ്. ഒരു സംഘത്തിന്റെ ഒരു അപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്ന യുവകാഥികർ അക്കാദമി നിർദ്ദേശിക്കുന്ന ഒരു കേന്ദ്രത്തിൽ കഥാപ്രസംഗം അവതരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും (സിഡി/പെൻഡ്രൈവടക്കം) ജനുവരി 5 ന് വൈകുന്നേരം 5 മണിക്കകം ഓഫീസിൽ ലഭിച്ചിരിക്കണം. കഥാപ്രസംഗാവതരണം ഈമെയിൽ, വാട്ട്സ്ആപ്പ് എന്നീ മാധ്യമങ്ങളിലൂടെ സ്വീകരിക്കുന്നതല്ല. അക്കാദമിയിൽ ഹാജരാക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ല.

ഡോ.പ്രഭാകരൻ പഴശ്ശി
സെക്രട്ടറി.

സി.പി.എസ്